തുല്യതാപരീക്ഷകൾ നടത്തുന്നത് എന്നു വ്യക്തമാക്കുമോ ; ഈ പരീക്ഷകൾ എഴുതുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(ബി) പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. ഔപചാരിക വിദ്യാഭ്യാസം നേടാത്ത 15 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് തുടർന്ന് പഠിക്കുന്നതിനായി നാലാംതരം തുല്യത, ഏഴാംതരം തുല്യത, പത്താംതരം തുല്യത എന്നീ പരീക്ഷകൾ സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ നടത്തുന്നുണ്ട്.

നാലാംതരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 50 വയസ്സിനുമേൽ പ്രായമായ നവസാക്ഷരരോ, സ്കൂളിൽ നിന്നും പഠനം നിർത്തിയവരോ, ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവരോ ആയിരിക്കണം.

ഏഴാംതരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 15 വയസ്സിന് മുകളിൽ പ്രായമുള്ള നാലാംതരം തുല്യത വിജയകരമായി പൂർത്തിയാക്കിയവരോ, ഔപചാരിക നാലാംക്ലാസ്സ് പാസ്സായവരോ, 5, 6, 7 ക്ലാസ്സുകൾ പൂർത്തിയാക്കിയവരോ ആയിരിക്കണം.

പത്താംതരം തുല്യതാ കോഴ്സിൽ ചേരുന്നതിന് 17 വയസ്സ് പൂർത്തിയായവരും ഏഴാം ക്ലാസ്സ് പാസ്സായവരുമായിരിക്കണം.

പത്താംതരം തുല്യതാ കോഴ്സ് പാസ്സായ ഏതൊരാൾക്കും പ്രായപരിധിയില്ലാതെ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് ചേരാവുന്നതാണ്. എന്നാൽ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംതരം പാസ്സായവർക്ക് 22 വയസ്സിനുശേഷമേ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പ്രവേശനം ലഭിക്കുകയുള്ളൂ.

(ബി) ഉണ്ട്. കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം കൂട്ടനാട്ടിലെ സ്കൂളുകൾക്കനുവദിച്ച തുക

45 (7010) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ഡി.എം.ഐ. (Infrastructure Development in Minority Institutions) പദ്ധതി പ്രകാരം കൂട്ടനാട്ടിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക വീതം അനുവദിച്ചു നൽകിയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സ്കൂളുകളുടെ അപേക്ഷകൾ പരിഗണിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷ നിരസിച്ച സ്കൂളുകളുടെ കാരണസഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് മേഖലയിലെ മൂന്ന് സ്കൂളുകൾക്കാണ് ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം ഗ്രാന്റ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	അനുവദിച്ച തുക	മൂന്നാം ഘട്ടത്തിൽ നൽകിയത്
1	എൽ.എൽ.എച്ച്.എസ്., കുന്നുമ്മ, കാവാലം	50,00,000	25,00,000
2	ദേവമാതാ എച്ച്.എസ്. ചേന്നംകരി	50,00,000	25,00,000
3	എൽ.എം. എച്ച്.എസ്.എസ്., പച്ച	50,00,000	25,00,000

(ബി) 2013-14 വർഷത്തിൽ നാലും 2014-15 വർഷത്തിൽ ഒന്നും അപേക്ഷകളാണ് പരിഗണിക്കുവാനുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2013-14

1. എച്ച്.എഫ്. ഗേൾസ് എച്ച്.എസ്. കൈനകരി
2. സെന്റ് ജോർജ് എച്ച്.എസ്.എസ്., മുട്ടാർ
3. എൽ.എഫ്.എച്ച്.എസ്, പുളിങ്കുന്ന്
4. സെന്റ് മേരീസ് എച്ച്.എസ്., കൈനകരി

2014-15

സെന്റ് മേരീസ് എച്ച്.എസ്., പമ്പക്കുളം

(സി) കുട്ടനാട് മേഖലയിലെ സ്കൂളുകളുടെ അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly